# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളത്തിലും തമിഴ്നാട്ടിലുമായി 16,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു.

   **Prime Minister Narendra Modi launches various development projects worth over 16 thousand crore rupees in Keralam and Tamil Nadu.**

2. ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ച രാജ്യസഭയിൽ ഇന്നും തുടരും. സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള പ്രമേയം ലോക്സഭ തള്ളി.

   **Rajya Sabha to take up further discussion today on the working of the Ministry of Rural Development; Lok Sabha rejects Opposition's resolution seeking removal of Speaker Om Birla.**

3. രാജ്യത്ത് എൽ.പി.ജി ഉത്പാദനം 25 ശതമാനം വർധിച്ചതായി കേന്ദ്ര സർക്കാർ. ഇന്ധന വിതരണ ശൃംഖല സുരക്ഷിതം.

   **Centre says LPG production in the country rises by 25 percent; fuel supply chain remains secure.**

4. ഇറാൻ ഗൾഫ് രാജ്യങ്ങളിൽ നടത്തുന്ന ആക്രമണം ഉടൻ നിർത്തണമെന്ന് ആവശ്യപ്പെടുന്ന കരട് പ്രമേയം ഐക്യരാഷ്ട്ര രക്ഷാസമിതി പാസാക്കി.

The United Nations Security Council passes a draft resolution calling Iran to immediately stop attacks on Gulf countries.

5. മറൈൻ ഇക്കോ സിറ്റിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊച്ചിയിൽ തറക്കല്ലിടും.

   Chief Minister Pinarayi Vijayan to lay the foundation stone for Marine Eco City in Kochi today.

6. ഐ.പി.എൽ ക്രിക്കറ്റ് ആദ്യഘട്ട ഷെഡ്യൂൾ പുറത്തിറക്കി. ആദ്യ മത്സരം ഈ മാസം 28 ന്.

   Schedule for first phase of IPL 2026 released; opening match to be held on the 28th.

❁❁❁❁❁❁❁❁❁❁❁❁❁

## PREZ- GCWAS 2026

കാർഷിക-ഭക്ഷ്യ മേഖലകളിലെ സ്ത്രീകളെക്കുറിച്ചുള്ള ആഗോള സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. 'പുരോഗതി കൈവരിക്കുക, പുതിയ ഉയരങ്ങൾ കീഴടക്കുക' എന്ന പ്രമേയത്തിലാണ് മൂന്നു ദിവസത്തെ സമ്മേളനം നടക്കുന്നത്. കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാനും ചടങ്ങിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM (INTRO)

കേരളത്തിലും തമിഴ്നാട്ടിലുമായി 16,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ തുടക്കം കുറിച്ചു. തിരുച്ചിറപ്പള്ളിയിൽ 5,650 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. രണ്ട് അമൃത് ഭാരത് ട്രെയിനുകൾ, രാമേശ്വരം-മംഗളൂരു, തിരുനെൽവേലി-മംഗളൂരു എക്സ്പ്രസ് ട്രെയിനുകൾ, മയിലാടുതുറൈ-കാരൈക്കുടി പാസഞ്ചർ എന്നിവ അദ്ദേഹം ഫ്ലാഗ്

ഓഫ് ചെയ്തു. നീലഗിരി, ഈറോഡ് ജില്ലകളിലായി നിർമിക്കുന്ന ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ സിറ്റി ഗ്യാസ് വിതരണ ശൃംഖലയ്ക്കും അദ്ദേഹം തറക്കല്ലിട്ടു. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ലൂബ് ബ്ലെൻഡിംഗ് പ്ലാന്റും ശ്രീ മോദി നാടിന് സമർപ്പിച്ചു. സംസ്ഥാനത്തിന്റെ വികസനത്തിനായി സർക്കാർ അക്ഷീണം പ്രവർത്തിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. (ഹോൾഡ് വോയ്സ്......)

കൊച്ചിയിൽ 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് പ്രധാനമന്ത്രി തുടക്കം കുറിച്ചത്. 5,500 കോടി രൂപയുടെ പോളിപ്രൊപ്പിലീൻ യൂണിറ്റിൻറെ ശിലാസ്ഥാപനത്തിന് പുറമേ വിവിധ റോഡ്, റെയിൽവേ പദ്ധതികളുടെ ഉദ്ഘാടനവും നിർവഹിച്ചു. കൊല്ലം വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതിക്കും അദ്ദേഹം തറക്കല്ലിട്ടു.

☸☸☸☸☸☸☸☸☸☸☸☸☸

## PARLIAMENT

ഗ്രാമവികസന മന്ത്രാലയത്തിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും. ധനമന്ത്രി നിർമ്മലാസീതാരാമൻ 2026ലെ ധനവിനിയോഗ ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. 2025-26 സാമ്പത്തിക വർഷത്തെ സേവനങ്ങൾക്കായി ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും കൂടുതൽ തുകകൾ നൽകുന്നതിനും വിനിയോഗിക്കുന്നതിനും അംഗീകാരം നൽകുന്നതാണ് ബിൽ. അതേസമയം

സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയം ലോക്സഭ ഇന്നലെ തള്ളി.

☸☸☸☸☸☸☸☸☸☸☸☸☸

## WEST ASIA CONFLICT

യു.എസ്–ഇസ്രയേൽ ആക്രമണത്തിന് ഇറാൻ തിരിച്ചടി ശക്തമാക്കിയതോടെ, പശ്ചിമേഷ്യയിലെ സംഘർഷം രൂക്ഷമായി തുടരുന്നു. 12 ദിവസം പിന്നിട്ട യുദ്ധം ഗൾഫിൽ നിന്നുള്ള ഇന്ധനനീക്കത്തെ തടസ്സപ്പെടുത്തുകയും മേഖലയിലെ വ്യോമ ഗതാഗതത്തിന് ഭീഷണി ഉയർത്തുകയും ചെയ്തു. തെഹ്റാനിൽ ഇന്നലെയും വ്യോമാക്രമണമുണ്ടായി. ലെബനനിലും ഇറാൻ പിന്തുണയുള്ള ഹിസ്ബുള്ള തീവ്രവാദികളെ ലക്ഷ്യമിട്ട് ഇസ്രയേൽ ആക്രമണം തുടരുകയാണ്. അമേരിക്കൻ സൈന്യം 16 ഇറാനിയൻ കപ്പലുകൾ നശിപ്പിച്ചു. തിരിച്ചടിയായി, പേർഷ്യൻ ഉൾക്കടലിലെ വാണിജ്യക്കപ്പലുകളെ ലക്ഷ്യമിട്ട ഇറാൻ, യു.എ.ഇ യിലെ വ്യോമയാന അടിസ്ഥാന സൗകര്യങ്ങളിലേക്കും ആക്രമണം വ്യാപിപ്പിച്ചു. ഇന്നലെ ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഡ്രോൺ ആക്രമണത്തിൽ ഇന്ത്യൻ പൗരൻ ഉൾപ്പെടെ നാലുപേർക്ക് പരിക്കേറ്റു. പഴയ അബുദബി വിമാനത്താവളത്തിന് സമീപം തീപിടുത്തമുണ്ടായതായി അധികൃതർ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## S JAISHANKAR – WEST ASIA

പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഫ്രഞ്ച് വിദേശകാര്യ മന്ത്രി ഴാൻ-നോയൽ ബാരറ്റുമായി ചർച്ച നടത്തി. യൂറോപ്യൻ യൂണിയൻ പ്രതിനിധി കാജസ് കല്ലസുമായും ശ്രീ ജയശങ്കർ സംഘർഷത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് ചർച്ച ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸☸

## WEST ASIA BRIEF

രാജ്യത്ത് എൽ.പി.ജി ഉത്പാദനം 25 ശതമാനം വർധിച്ചതായി പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. മുഴുവൻ ആഭ്യന്തര എൽ.പി.ജിയും ഗാർഹിക

ഉപഭോക്താക്കളിലേക്ക് എത്തിക്കുകയാണെന്നും പശ്ചിമേഷ്യയിലെ സാഹചര്യം സംബന്ധിച്ച മന്ത്രി തല സമ്മേളനത്തിൽ അവർ പറഞ്ഞു. രാജ്യത്തിന്റെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ 70 ശതമാനവും ഹോർമുസ് കടലിടുക്കിന് പുറത്തു നിന്നായതിനാൽ ഇന്ത്യയുടെ ഇന്ധന വിതരണ ശൃംഖല സുരക്ഷിതമാണ്. 40 രാജ്യങ്ങളിൽനിന്ന് ഇന്ത്യ എണ്ണ ഇറക്കുമതി ചെയ്യുന്നുണ്ടെന്നും അവർ പറഞ്ഞു.

## BPCL- LPG SUPPLY

പാചകവാതക വിതരണം സുഗമമാക്കാൻ സർക്കാർ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്ന് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്. സിലിണ്ടറുകൾ അനുവദിക്കുന്നതിൽ ഗാർഹിക ഉപഭോക്താൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. നിലവിലെ ഭൗമരാഷ്ട്രീയ സാഹചര്യവും ഉപരോധവും കണക്കിലെടുത്ത് ലഭ്യമായ എൽപിജി ശേഖരം ശ്രദ്ധാപൂർവ്വം ക്ലിപ്തപ്പെടുത്തി വിതരണം ചെയ്യുകയാണെന്നും ബിപിസിഎൽ സമൂഹമാധ്യമത്തിൽ പറഞ്ഞു.

## IEA- OIL STOCKS

അന്താരാഷ്ട്ര ഊർജ സഹകരണത്തിൽ ഇന്ത്യ സജീവ പങ്കാളിയാണെന്ന് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം. മധ്യ പൂർവ്വ മേഖലയിലെ സ്ഥിതിഗതികൾ ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി. അതേസമയം എണ്ണ ശേഖരം വിതരണം ചെയ്യാനുള്ള അന്താരാഷ്ട്ര ഊർജ ഏജൻസിയുടെ തീരുമാനത്തെ ഇന്ത്യ സ്വാഗതം ചെയ്തു. ആഗോള എണ്ണവിതരണം സ്ഥിരപ്പെടുത്തുന്നതിനായി കരുതൽ ശേഖരത്തിൽ നിന്ന് 40 കോടി ബാരൽ പുറത്തിറക്കുമെന്ന് ഏജൻസി അറിയിച്ചു.

## SERGIO GOR INDIA OIL

ആഗോള തലത്തിൽ എണ്ണവില സുസ്ഥിരമായി പിടിച്ചു നിർത്തുന്നതിൽ ഇന്ത്യ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ച് ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ. റഷ്യയിൽ നിന്നും എണ്ണ വാങ്ങാനുള്ള തീരുമാനം ഈ ശ്രമത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഏറ്റവും വലിയ എണ്ണ ഉപഭോക്താവായ ഇന്ത്യയിലാണ് കൂടുതൽ എണ്ണ ശുദ്ധീകരണവും നടക്കുന്നതെന്ന് സെർജിയോ ഗോർ പറഞ്ഞു.

## RANDHIR JAISWAL (INTRO)

ഗൾഫ് മേഖലയിലേയും പശ്ചിമേഷ്യൻ രാജ്യങ്ങളിലേയും ഇന്ത്യൻ പൗരന്മാരുടെ ക്ഷേമത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. വ്യാപാര കപ്പലുകൾക്കെതിരായ ആക്രമണങ്ങളിൽ രണ്ട് ഇന്ത്യൻ പൗരന്മാർ കൊല്ലപ്പെട്ടതായും ഒരാളെ കാണാതായതായും ശ്രീ ജയ്സ്വാൾ അറിയിച്ചു.

(വോയ്സ്............)

## UNSC RESOLUTION-IRAN-ISRAEL CONFLICT

ഇറാൻ ഗൾഫ് രാജ്യങ്ങളിൽ നടത്തുന്ന ആക്രമണം ഉടൻ നിർത്തണമെന്ന് ആവശ്യപ്പെടുന്ന കരട് പ്രമേയം ഐക്യരാഷ്ട്ര രക്ഷാസമിതി പാസാക്കി. 13 അംഗരാജ്യങ്ങൾ പ്രമേയത്തെ പിന്തുണച്ചപ്പോൾ രണ്ടുപേർ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു. പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയിയേയും നിരവധി മുതിർന്ന ഇറാനിയൻ ഉദ്യോഗസ്ഥരെയും കൊലപ്പെടുത്തിയ യുഎസ്--ഇസ്രായേൽ ആക്രമണത്തെക്കുറിച്ച് പ്രമേയത്തിൽ പരാമർശിക്കാത്തതിനെ റഷ്യയും ചൈനയും വിമർശിച്ചു.

## CM – KERALA

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്തെ പാചകവാതക ലഭ്യതയെക്കുറിച്ച് ഗൗരവമായ ആശങ്കകൾ ഉയരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ പാചക വാതക ക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ടുകൾ പുറത്തുവരുന്നതായും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. പാചകവാതകത്തിൻറെ മതിയായ ലഭ്യത ഉറപ്പാക്കാനും വിലവർധനയുടെ ആഘാതം കുറയ്ക്കാനും കേന്ദ്രസർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നും മുഖ്യമന്ത്രി പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## CM KERALA – MARINE ECO CITY

കേരള സംസ്ഥാന ഭവന നിർമാണ ബോർഡിന്റെ 'മറൈൻ ഇക്കോ സിറ്റി' പദ്ധതിയുടെ ശിലാസ്ഥാപനം ഇന്ന് വൈകിട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൊച്ചി ബോൾഗാട്ടി പാലസിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ.രാജൻ അധ്യക്ഷനാകും. മൂന്ന് ഘട്ടങ്ങളിലായി 3,394 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## BCCI–IPL 2026

ഐപിഎൽ ക്രിക്കറ്റ് ആദ്യ ഘട്ടത്തിന്റെ ഷെഡ്യൂൾ ബി.സി.സി.ഐ പ്രഖ്യാപിച്ചു. ഈ മാസം 28ന് ബെംഗളൂരുവിൽ നടക്കുന്ന ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ

നേരിടും. ഏപ്രിൽ 12 വരെയാണ് മത്സരം. ആദ്യഘട്ടത്തിൽ 10 വേദികളിലായി ആകെ 20 മത്സരങ്ങൾ നടക്കും.

## FIH HOCKEY

എഫ്.ഐ.എച്ച് വനിതാ ഹോക്കി 2026 ലോകകപ്പ് യോഗ്യതാ മത്സരത്തിൽ വെയിൽസിനെതിരെ ഇന്ത്യ 4-1 ന് വിജയിച്ചു. നവനീത് കൗർ മൂന്ന് ഗോളുകളും സാക്ഷി റാണ ഒരു ഗോളും നേടി. നാളെ നടക്കുന്ന സെമിഫൈനലിൽ ഇന്ത്യ ഇറ്റലിയെ നേരിടും.

## SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

## RATAN U KELKAR

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള പ്രവർത്തനങ്ങൾക്കായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ താൽകാലിക വിഭാഗങ്ങൾ രൂപീകരിച്ചു. ഇതിന്റെ ഭാഗമായി രണ്ട് അഡീഷണൽ സി.ഇ.ഒ മാരെ നിയമിച്ചു കൊണ്ട് ഉത്തരവായി. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുന്നതുവരെ ഈ ക്രമീകരണം തുടരുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

## PM- KISAN

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 22-ാാംഗഡു പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അസമിലെ ഗുവാഹത്തിയിൽ വിതരണം ചെയ്യും. രാജ്യത്തുടനീളമുള്ള 9 കോടി 32 ലക്ഷത്തിലധികം കർഷക കുടുംബങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് 18,640 കോടി രൂപ കൈമാറുമെന്ന് കൃഷി, കർഷകക്ഷേമ മന്ത്രാലയം പറഞ്ഞു. ഇതോടെ പദ്ധതി പ്രകാരം വിതരണം ചെയ്ത തുക 4 ലക്ഷത്തി 27 ആയിരം കോടി രൂപ കവിയുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

## CHATTISGARH - NAXALITES

ഛത്തീസ്ഗഢിലെ ആറ് ജില്ലകളിൽ നിന്ന് 108 നക്സലൈറ്റുകൾ കീഴടങ്ങിയതായി ആഭ്യന്തര മന്ത്രാലയം. ഇവരെ പിടികൂടുന്നതിന് മൂന്ന് കോടി 95 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ബിജാപൂർ, ദന്തേവാഡ, സുക്മ, ബസ്തർ, നാരായൺപൂർ, കാങ്കർ തുടങ്ങിയ ജില്ലകളിൽ നിന്നാണ് നക്സലൈറ്റുകൾ കീഴടങ്ങിയത്.

## US TO CLOSE PESHAWAR CONSULATE

ട്രംപ് ഭരണകൂടം ഫെഡറൽ ഏജൻസികളെ വെട്ടിക്കുറയ്ക്കുന്നതിന്റെ ഭാഗമായി പാകിസ്ഥാനിൽ പെഷവാറിലെ യു.എസ് കോൺസുലേറ്റ് അടച്ചുപൂട്ടുന്നു. അഫ്ഗാൻ അതിർത്തിയോട് ഏറ്റവും അടുത്തുള്ള അമേരിക്കൻ നയതന്ത്ര ഓഫീസാണ് അടച്ചുപൂട്ടുന്നത്. പാകിസ്ഥാനിൽ യു.എസ് താൽപ്പര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനെ തീരുമാനം ബാധിക്കില്ലെന്നും, ഇറാൻ യുദ്ധവുമായി ഇതിന് ബന്ധമില്ലെന്നും യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു.